പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2863 — 02/04/2013-ൽ മറുപടിയ്ക്ക്

## പാലത്തിനായി ഭൂമി ഏറ്റെടുക്കൽ പ്രക്രിയ

**ചോദ്യം**

ശ്രീ. ആർ. സെൽവരാജ്

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പാഞ്ചിക്കാട് കടവു പാലത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ഏത് ഘട്ടം വരെയായിയെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് നാളിതുവരെയായി പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഷയത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് എന്തൊക്കെ കടമ്പകളാണ് തരണം ചെയ്യേണ്ടത് എന്നും, ആയത് എത്ര ദിവസം കൊണ്ട് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രദേശത്തിന്റെ ആവശ്യകത കണക്കിലെടുത്ത് പരമാവധി വേഗത്തിൽ ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന് അടിയന്തിര നിർദ്ദേശം വകുപ്പിന് നൽകുമോ യെന്നത് വ്യക്തമാക്കുമോ ?

**ഉത്തരം**

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പുമന്ത്രി)

(എ) , (ബി) , (സി) & (ഡി)

നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലുൾപ്പെടുന്ന പാഞ്ചിക്കാട് കടവു പാലം നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പിനായി തിരുവനന്തപുരം അഡീഷണൽ എൽ. എ. യൂണിറ്റ് തഹസീൽദാരെ സ്ഥലമെടുപ്പ് ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സംയുക്ത സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഹൈലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനു ശേഷം സ്ഥലമെടുപ്പ് നടപടി ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.